ഉത്തരം

(എ) ഇല്ല.

(ബി) പ്രസ്തുത സർവ്വീസ് അന്തർ സംസ്ഥാന കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല. അന്തർ സംസ്ഥാന കരാറുകളെക്കുറിച്ച് ചർച്ച നടക്കുമ്പോൾ ഈ റൂട്ടും പരിഗണിക്കുന്നതാണ്.

ഡിപ്പോകളിൽ നിന്നും പഴയ സാധനങ്ങൾ വിറ്റ് കിട്ടിയ വരുമാനം

78 [2947] ശ്രീ. കെ. ബി. ഗണേഷ് കുമാർ:
,, ജോണി നെല്ലൂർ:
,, ടി. എം. ജേക്കബ്:
,, ഷിബു ബേബി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യുടെ വിവിധ വർക്ക്ഷോപ്പുകളിലായി ഉപയോഗശൂന്യമായ ഇരുമ്പ്, പാട്ട മുതലായവ എത്രമാത്രം കെട്ടിക്കിടക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ വസ്തുക്കൾ ലേലം ചെയ്ത വകയിൽ എത്ര രൂപ ലഭിച്ചിട്ടുണ്ട്;

(സി) കഴിഞ്ഞ 4 വർഷത്തെ ഭരണത്തിനിടയിൽ ലേലം ചെയ്ത ബസ്സുകളുടെ എണ്ണം എത്ര; വരുമാനം എത്ര;

(ഡി) ഈ കാലയളവിൽ ആകെ വാങ്ങിയ ബസ്സുകൾ എത്രയെന്നും ചെലവായ തുക എത്രയെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കെ. എസ്. ആർ. ടി. സി.-യുടെ വിവിധ വർക്ക്ഷോപ്പുകളിലായി ഉപയോഗശൂന്യമായി കിടന്നിരുന്ന ഇരുമ്പ്, പാട്ട മുതലായവ 26-5-2005, 27-5-2005 എന്നീ ദിവസങ്ങളിൽ ലേലം ചെയ്തു വിൽപ്പന നടത്തിയിട്ടുണ്ട്.

(ബി) 1,87,63,493 രൂപ 82 പൈസ (ഒരു കോടി എൺപത്തേഴു ലക്ഷത്തി അറുപത്തിമൂവായിരത്തി നാനൂറ്റിതൊണ്ണൂറ്റിമൂന്ന് രൂപ എൺപത്തിരണ്ടുപൈസ) ലഭിച്ചിട്ടുണ്ട്.

(സി) കഴിഞ്ഞ 4 വർഷത്തെ ഭരണത്തിനിടയിൽ 1264 ബസ്സുകൾ ലേലം ചെയ്തിട്ടുണ്ട്. 5,58,54,275 രൂപ (അഞ്ചുകോടി അൻപത്തിഎട്ടു ലക്ഷത്തി അൻപത്തിനാലായിരത്തി ഇരുനൂറ്റി എഴുപത്തിഅഞ്ചുരൂപ) ഈ ഇനത്തിൽ കോർപ്പറേഷന് ലഭിച്ചിട്ടുണ്ട്.

(ഡി) 1359 ബസ്സുകൾ വാങ്ങിയിട്ടുണ്ട്, ഇതിനായി 140.58 കോടി രൂപ ചെലവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly